"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - 2025 നവംബർ 1-ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം-തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2522/2025/LSGD തീയതി,തിരുവനന്തപുരം, 17-10-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ.
2. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.10.2025-ലെ LSGD/PD/32025/2025-SPMC1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് 2025 നവംബർ 1-ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വൈകുന്നേരം 4.00 മണിക്ക് ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തവും ജനപങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾക്ക് അതാത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2025 നവംബർ 1-ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വൈകുന്നേരം 4.00 മണിക്ക് ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ നിന്നും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലേക്ക് എത്തിക്കുന്നതിനുള്ള വാഹന സൗകര്യം സജ്ജീകരിക്കുന്നതിനും, പങ്കെടുക്കുന്നവർക്ക് ലൈറ്റ് റീഫ്രഷ്മെന്റ് നൽകുന്നതിന്, ഒരു അംഗത്തിന് പരമാവധി 30 രൂപ (മുപ്പത് രൂപ മാത്രം) ചെലവ്ചെയ്യുന്നതിനും അനുമതി നൽകുന്നു.

ii. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട പരസ്യ ബോർഡുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം തയ്യാറാക്കുന്നതിനാവശ്യമായ ക്രിയേറ്റീവ്സ് തയ്യാറാക്കുന്നതിനും ആയവ നിയമപരമായി സ്ഥാപിക്കുന്നതിനും പ്രിൻസിപ്പൽ

ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

iii. പരിപാടിയുടെ ലൈവ് സ്ട്രീമിംഗ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തേണ്ടതാണ്. ആയതിന്റെ സംഘാടനത്തിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു

3. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ തുക അതാത് തദ്ദേശ സ്ഥാപനങ്ങളുടെ, ധനകാര്യവിനിയോഗ പരിധിക്കുള്ളിൽനിന്ന് കൊണ്ട്, തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
7. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
9. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/313/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 18-10-2025 10:54:16
സെക്ഷൻ ഓഫീസർ